"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം - അച്ചടി വകുപ്പ് - നിലവിൽ ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്ന കേരള ഗസറ്റുകളിൽ ഡിജിറ്റൽ സിഗ്നേച്ചർ പതിച്ച് പ്രസിദ്ധീകരിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

25 JUN 2021

---

ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.812/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 18/06/2021

---

പരാമർശം:- 1 ഗവൺമെൻറ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ 19.04.2021 ലെ കത്ത്

**ഉത്തരവ്**

കേരള ഗസറ്റിന്റെ പി.ഡി.എഫ്. പകർപ്പുകൾ 2007 മെയ് മാസം മുതൽ http//www.egazette.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി പ്രസിദ്ധീകരിക്കുന്നുണ്ടെന്നും എന്നാൽ Indian Evidence Act, Section 81 പ്രകാരം ഇത്തരത്തിൽ പ്രസിദ്ധീകരിക്കുന്ന ഗസറ്റുകൾ ആധികാരികമല്ലാത്തതിനാലാണ് പ്രസ്തുത വെബ്സൈറ്റിൽ ബാദ്ധ്യതാ നിരാകരണം (Disclaimer) ചേർത്തിരിക്കുന്നതെന്നും COMPOSE സോഫ്റ്റ്വെയറിന്റെ ഇ-ഗസറ്റ് മോഡ്യൂളിന്റെ ടെസ്റ്റിംഗ് അച്ചടി വകുപ്പിൽ പൂർത്തിയായിട്ടുണ്ടെന്നും ആവശ്യമായ മാറ്റങ്ങൾ NIC സോഫ്റ്റ്വെയറിൽ വരുത്തുകയും, അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും, Stake holders ന്റെ പരിശീലനം പൂർത്തിയാകുകയും ചെയ്യുന്ന മുറയ്ക്ക് ആധികാരികമായി ഡിജിറ്റൽ സിഗ്നേച്ചറോടെ കേരള ഗസറ്റ് ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നതാണെന്നും അതിന് മുന്നോടിയായി പൊതുജനങ്ങളുടെ സൗകര്യം പരിഗണിച്ചുകൊണ്ട് നിലവിൽ ഓൺലൈനിൽ http//www.egazette.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഇ-ഗസറ്റുകളിൽ പ്രസാധകനായ ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ ഡിജിറ്റൽ സിഗ്നേച്ചർ പതിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകണമെന്നു പരാമർശിത കത്ത് സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഈക്കാര്യം വിശദമായി പരിശോധിക്കുയുണ്ടായി. നിലവിൽ https//www.egazette.kerala.gov.in എന്ന വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തു പ്രസിദ്ധീകരിക്കുന്ന കേരള ഗസറ്റിന്റെ പി.ഡി.എഫ്. പകർപ്പുകളിൽ /ഇ-ഗസറ്റുകളിൽ സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിന്റെ ഡിജിറ്റൽ സിഗ്നേച്ചർ ഗസറ്റിന്റെ എല്ലാ പേജിന്റെയും (Left hand Corner) പതിച്ച് പ്രസിദ്ധികരിക്കുന്നതിനു സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിന്/ അച്ചടി വകുപ്പ് ഡയറക്ടർക്കു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) കേരള ഗസറ്റ് പൂർണ്ണമായി ഇലക്ട്രോണിക് മാധ്യമത്തിലൂടെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ/അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട്/അച്ചടി വകുപ്പ് ഡയറക്ടർ താമസംവിനാ സ്വീകരിക്കേണ്ടതാണ്.

File No.HEDN-H3/106/2021-HEDN

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൗരഭ് ജെയിൻ ഐ എ എസ്
സെക്രട്ടറി

പകർപ്പ്:
അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഗവൺമെൻറ് പ്രസ്സുകളുടെ സൂപ്രണ്ട് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Bindu V K
Date: 21-06-2021 14:50:26
Reason: Approved
സെക്ഷൻ ഓഫീസർ